# നിങ്ങളുടെ യഥാർഥ മിത്രം

**ഓരോ** വ്യക്തിക്കും അയാളുടെ മിത്രങ്ങളുണ്ട്. ഉറ്റവർ, ഉടയവർ, ചങ്ങാതിമാർ, സഹകാരികൾ അങ്ങനെ മിത്രങ്ങളുടെ വലിയൊരു വലയത്തിനകത്താണ് നാമോരോരുത്തരും ജീവിക്കുന്നത്. ആരെയും സ്നേഹിക്കാതെ, ആരാലും സ്നേഹിക്കപ്പെടാതെ സമൂഹത്തിൽ ജീവിതം അസാധ്യമാകുന്നു. പ്രത്യക്ഷത്തിൽ നമുക്കിഷ്ടം തോന്നുകയും നമ്മോടിഷ്ടം പ്രകടിപ്പിക്കുകയും ചെയ്യുന്നവരെല്ലാം സത്യത്തിൽ നമ്മുടെ മിത്രങ്ങൾ തന്നെയാണോ? ആണെന്നു വരാം. ചിലർ അകത്ത് കത്തിയൊളിപ്പിച്ച് പുറത്ത് പത്ഥ്യം കാട്ടുന്നവരുമാകാം. ഏതായാലും യഥാർഥ മിത്രം അവരാരുമല്ല. അവരെയെല്ലാം സൃഷ്ടിച്ച് അവരുടെയെല്ലാം മൈത്രി നമ്മിൽ ചേർത്തു തന്നവനാണ് നമ്മുടെ യഥാർഥ മിത്രം.

യഥാർഥ ശത്രുവിനെ അറിയുന്നതിലേറെ പ്രധാനമാണ് യഥാർഥ മിത്രത്തെ അറിയുക. മിത്രത്തെ അറിയാതെ ശത്രുവിനെ കുറിച്ചും നേരെമറിച്ചും ഉള്ള അറിവ് പൂർണമാകുന്നില്ല. അവിടെ ശത്രു-മിത്രങ്ങൾ പരസ്പരം മാറിപ്പോകുന്നു. ചിലപ്പോൾ യഥാർഥ മിത്രം നമുക്കേർപ്പെടുത്തിത്തന്ന സഹായികളെയും സഹകാരികളെയും സാക്ഷാൽ മിത്രമായി ഭ്രമിച്ചുപോകുന്നു. നമ്മുടെ മിത്രങ്ങളെ നാം തന്നെ അറിയാതെ നമ്മുടെ ശത്രുക്കളാക്കുക എന്നതാണതിന്റെ ഫലം.

വിശ്വാസികളുടെ യഥാർഥ മിത്രം ആരാണെന്ന് വിശുദ്ധ ഖുർആൻ അസന്ദിഗ്ധമായ ഭാഷയിൽ ആവർത്തിച്ചു പറഞ്ഞു തരുന്നുണ്ട്: "വിശ്വാസികളുടെ മിത്രം അല്ലാഹുവാകുന്നു" (3:68). "അല്ലാഹുവിനെ കൂടാതെ നിങ്ങൾക്ക് മിത്രമോ സഹായിയോ ഇല്ല" (2:107). ഉണ്ടെന്ന് നിങ്ങൾക്കു തോന്നുന്നവർ സാക്ഷാൽ മിത്രമായ അല്ലാഹു ഏർപ്പെടുത്തിയിട്ടുള്ളവരാണ്. അവർ നിങ്ങളിൽ ചൊരിയുന്ന സ്നേഹം യഥാർഥത്തിൽ അല്ലാഹുവിന്റെ സ്നേഹമാണ്. "സത്യവിശ്വാസികളുടെ മിത്രം അല്ലാഹുവാകുന്നു. അവൻ അവരെ അന്ധകാരങ്ങളിൽനിന്ന് വെളിച്ചത്തിലേക്കു നയിക്കുന്നു" (2:157).

അല്ലാഹു നമുക്കു നൽകിയ മിത്രങ്ങളെ അല്ലാഹുവിനേക്കാൾ വലിയ മിത്രങ്ങളായി സ്വീകരിക്കുമ്പോൾ നാം അവരെ അല്ലാഹുവിന്റെ ശത്രുക്കളാക്കുകയാണ്. നമ്മളും നമ്മുടെ മിത്രങ്ങളും അതറിയുന്നില്ലെങ്കിലും. "നിങ്ങളുടെ ഭാര്യമാരിലും മക്കളിലും ചിലർ നിങ്ങളുടെ ശത്രുക്കളാകുന്നു. അവരെക്കുറിച്ചു ജാഗ്രതയുള്ളവരാകുവിൻ" (64:14). അച്ചടക്കവും അനുസരണവുമില്ലാതെ വളർന്ന് ഒടുവിൽ മാതാപിതാക്കളുടെ അസുരവിത്തുകളായിത്തീരുന്ന സന്തതികളെക്കുറിച്ച് മാത്രമല്ല ഈ താക്കീത്. അളവറ്റ സ്നേഹവും ലാളനയും ചൊരിഞ്ഞ് ഭാവിയെക്കുറിച്ച് സദാജാഗ്രത പുലർത്തിക്കൊണ്ട് വളർത്തിയ മക്കളും ശത്രുക്കളായിത്തീരും; നിങ്ങളാ മക്കൾക്ക്, അവരെ നിങ്ങൾക്കുതന്ന അല്ലാഹുവിനേക്കാൾ മുന്തിയ പരിഗണന നൽകുമ്പോൾ. അല്ലാഹുവിനേക്കാൾ വിലപ്പെട്ടതായി നാം പരിഗണിക്കുന്ന ആരും, പ്രത്യക്ഷത്തിൽ നമുക്കെത്ര പ്രിയപ്പെട്ടവരായാലും യഥാർഥത്തിൽ കൊടിയ ശത്രുക്കളാകുന്നു എന്നതാണ് സത്യം. "അല്ലയോ സത്യവിശ്വാസികളേ, സ്വന്തം പിതാക്കളെയും സഹോദരങ്ങളെയും വരെ നിങ്ങളുടെ മിത്രങ്ങളായി കരുതിക്കൂടാ; അവർ വിശ്വാസത്തേക്കാൾ സത്യനിഷേധത്തെയാണിഷ്ടപ്പെടുന്നതെങ്കിൽ. നിങ്ങളിൽ അങ്ങനെ ചെയ്യുന്നവരുണ്ടെങ്കിൽ അവർ അക്രമികൾ തന്നെയാകുന്നു. സ്വന്തം പിതാക്കളും സന്തതികളും സഹോദരങ്ങളും ഭാര്യമാരും ബന്ധുജനങ്ങളും, നിങ്ങൾ സമ്പാദിച്ചുവെച്ച മുതലുകളും മുടങ്ങിപ്പോകുമെന്നു ഭയപ്പെടുന്ന വ്യാപാരങ്ങളും ഇഷ്ടപ്പെടുന്ന ഭവനങ്ങളുമാണ് അല്ലാഹുവിനേക്കാളും അവന്റെ ദൂതനേക്കാളും അവന്റെ മാർഗത്തിലുള്ള സമരത്തേക്കാളും നിങ്ങൾക്ക് പ്രിയങ്കരമെങ്കിൽ കരുതിയിരുന്നുകൊള്ളുക; അല്ലാഹു അവന്റെ കൽപന നടപ്പിലാക്കാൻ പോകുന്നു. ധർമധിക്കാരികൾക്ക് അവൻ മാർഗദർശനമരുളുന്നില്ല" (9:23,24).

ദൈവത്തോടുള്ള മൈത്രിയുടെ അനിവാര്യതയാണ് അവന്റെ പ്രീതിയിലുള്ള ആകാംക്ഷ. ദൈവത്തിന്റെ വിധിവിലക്കുകളോടുള്ള നിഷ്കളങ്കമായ വിധേയത്വത്തിലൂടെയാണ് അത് പ്രകടമാകുന്നത്. അല്ലാഹുവിന്റെ മിത്രം എന്നവകാശപ്പെട്ടുകൊണ്ട് അവന്റെ വിധിവിലക്കുകളെ ധിക്കരിക്കുന്നവരുടെ യഥാർഥ മിത്രം ചെകുത്താനാണ്. നമ്മുടെ ജീവിതം എത്രത്തോളം അല്ലാഹുവിന്റെ ഇഷ്ടത്തിനു വിധേയമായിരിക്കുന്നു എന്നതാണ് നാം എത്രത്തോളം അല്ലാഹുവിനെ സ്നേഹിക്കുന്നു എന്നതിന്റെ മാനദണ്ഡം. അല്ലാഹുവിനെയാണ് യഥാർഥവും ആത്യന്തികവുമായ മിത്രമായി വരിച്ചിട്ടുള്ളതെങ്കിൽ അവന്റെ പ്രീതിയായിരിക്കും നിങ്ങളുടെ ജീവിതലക്ഷ്യം. ദൈവപ്രീതിയുടെ ഫലമാണ് സ്വർഗലബ്ധി. ദൈവം തന്നിൽ പ്രീതിപ്പെട്ടുവോ എന്നറിയാൻ നബി(സ) ഒരു മാർഗം നിർദേശിച്ചിട്ടുണ്ട്: "ദൈവത്തിന്റെ കണ്ണിൽ തന്റെ സ്ഥാനം എവിടെയാണെന്നറിയാനാഗ്രഹിക്കുന്നവൻ (സ്വന്തം മനസ്സിലും ജീവിതത്തിലും) താൻ ദൈവത്തെ എത്രത്തോളം പരിഗണിക്കുന്നു എന്നറിയാൻ ശ്രമിച്ചാൽ മാത്രം മതിയാകും" (ഹാകിം). നിങ്ങളുടെ വിചാരത്തിലും വാക്കിലും കർമത്തിലും ദൈവം നിറഞ്ഞു നിൽക്കുന്നുവെങ്കിൽ ദൈവത്തിന്റെ പരിഗണനയിൽ അതിലേറെ നിങ്ങൾ നിറഞ്ഞുനിൽക്കും. അവൻ പറഞ്ഞു: "നിങ്ങൾ എന്നെ സ്മരിക്കുവിൻ, ഞാൻ നിങ്ങളെയും സ്മരിക്കാം." (2:152).

ജീവിതത്തിൽ ദൈവചൈതന്യം തുടിക്കാൻ ദൈവത്തിനു നിരക്കാത്ത പലതും ജീവിതത്തിൽനിന്ന് ത്യജിക്കേണ്ടിവരും. അപ്പോഴേ ദൈവത്തോടുള്ള മൈത്രി ബലിഷ്ഠമായ ഒരവലംബമായി നമുക്കനുഭവപ്പെടൂ. "പൈശാചിക ശക്തികളെ നിഷേധിച്ചുകൊണ്ട് അല്ലാഹുവിൽ വിശ്വസിച്ചവൻ ബലിഷ്ഠമായ പാശത്തിൽ പിടിമുറുക്കിയിരിക്കുന്നു. അതൊരിക്കലും അറ്റുപോവുകയില്ല" (2:156). അത്തരം വിശ്വാസികൾക്കാണ് അല്ലാഹു മിത്രമാകുന്നത്. "സത്യധർമങ്ങളെ നിഷേധിക്കുന്നവരുടെ മിത്രങ്ങൾ പൈശാചിക ശക്തികളാകുന്നു. അവ അവരെ വെളിച്ചത്തിൽനിന്ന് ഇരുട്ടുകളിലേക്ക് നയിച്ചുകൊണ്ടിരിക്കും" (2:158).

യഥാർഥവും ആത്യന്തികവുമായ മിത്രമായി ദൈവത്തെ വരിക്കുകയെന്നാൽ നമ്മെ ദൈവത്തിനു സമർപ്പിക്കലാണ്. അതാണ് ഇസ്‌ലാം. സൃഷ്ടികളുടെ സമർപ്പണമില്ലാത്ത ദൈവവിശ്വാസം അപൂർണമാകുന്നു. അപൂർണവിശ്വാസം ചിലപ്പോൾ അവിശ്വാസത്തിനു തുല്യമോ അതിലേറെ ദോഷകരമോ ആകുന്നു. സ്വന്തം സുഖസൗകര്യങ്ങൾക്കും ഭൗതികതാൽപര്യങ്ങൾക്കും വിഘാതമാകാത്തിടത്തോളം അല്ലാഹുവിനെ മാനിക്കുക, അതിനെന്തെങ്കിലും വിഘാതമുണ്ടാകുമ്പോൾ അവഗണിക്കുക എന്ന നിലപാടുകാരെക്കുറിച്ച് ഖുർആൻ പറഞ്ഞു: "ഒരരികുപറ്റി അല്ലാഹുവിന് ഇബാദത്ത് ചെയ്യുന്ന ചില മനുഷ്യരുണ്ട്. ഗുണം കിട്ടിയാൽ അവർ തൃപ്തരാകും. ദോഷം നേരിട്ടാൽ തിരിഞ്ഞുകളയും. അവർക്ക് ഇഹവും പരവും നഷ്ടമായിരിക്കുന്നു. അതത്രെ തെളിഞ്ഞ നഷ്ടം!" (22:11).

വിശ്വാസികളോട് സമ്പൂർണമായ സമർപ്പണമാണ് ദൈവം ആവശ്യപ്പെടുന്നത്. "അല്ലയോ സത്യവിശ്വാസികളേ, ദൈവത്തിനുള്ള സമർപ്പണത്തിൽ (ഇസ്‌ലാമിൽ) സമ്പൂർണമായി പ്രവേശിക്കുവിൻ" (2:208). അങ്ങനെ പ്രവേശിക്കുമ്പോഴാണ് ദൈവം ദാസന്റെ മൈത്രിയിലും ദാസൻ ദൈവത്തിന്റെ മൈത്രിയിലും പ്രവേശിക്കുന്നത്. അങ്ങനെയുള്ളവരും മനുഷ്യർക്കിടയിലുണ്ട്. "അല്ലാഹുവിന്റെ പ്രീതി കാംക്ഷിച്ച് ജീവൻ പോലും ത്യജിക്കാൻ സന്നദ്ധരാകുന്ന ചില മനുഷ്യരുണ്ട്. അത്തരം ദാസന്മാരോട് അല്ലാഹു അതിരറ്റ കനിവുള്ളവനാകുന്നു" (2:207). നമ്മളോരോരുത്തരും സ്വയം ചോദിച്ചുനോക്കുക: നാം ഏതു വിഭാഗത്തിൽ പെടുന്നു; ഓരത്തുനിന്ന് സേവിക്കുന്നവരിലോ പൂർണമായി സമർപ്പിച്ചവരിലോ?

■